ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. എത്യോപ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാവരുടേയും ക്ഷേമം മാതൃരാജ്യത്തോടുള്ള ഇരു രാജ്യങ്ങളുടെയും വൈകാരിക കാഴ്ചപ്പാടുകളെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി.
   **Prime Minister Narendra Modi address the Ethiopian Parliament. The Prime Minister said that the welfare of all reflects the emotional outlook of both countries towards their motherland.**

2. രാജ്യത്ത് രണ്ടായിരത്തിലധികം കിലോമീറ്റർ റെയിൽപാതകളിൽ കവച്ച് സുരക്ഷാ സംവിധാനം സ്ഥാപിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റോസ്ഗാർ ആജീവിക മിഷൻ ബില്ലിന്മേൽ ലോക്സഭയിൽ ഇന്നും ചർച്ച തുടരും.
   **Railway Minister Ashwini Vaishnaw has said that over two thousand route kilometers of the Kavach system have been commissioned on Indian Railways. Discussion on the Rozgar Ajeevika Mission Bill will continue in Lok Sabha today.**

3. വായുമലിനീകരണ ത്തിന്റെ പശ്ചാത്തലത്തിൽ നിർമാണ പ്രവർത്തനങ്ങൾ നിർത്തിവച്ചതിൽ ബുദ്ധിമുട്ട് നേരിടുന്ന തൊഴിലാളികൾക്ക് 10,000 രൂപ നഷ്ടപരിഹാരം നൽകുമെന്ന് ഡൽഹി സർക്കാർ.

**Delhi Government today announced that construction workers affected due to the implementation of GRAP III will be awarded a compensation amount of 10 thousand rupees.**

4. കേരളത്തിൽ സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച തദ്ദേശ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.

**A special election notification will be issued today for the local body polls in Kerala where polling was postponed due to the death of candidates.**

5. ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് ആഗോള ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

**Second WHO Global Summit on Traditional Medicine to begin today in New Delhi.**

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്.

**In men's cricket, fourth T20 between India and South Africa to be played today.**

******************

**PARLIAMENT (INTRO)**

പാർലമെൻറിന്റെ ഇരുസഭകളിലും നടപടികൾ സുഗമമായി പുരോഗമിക്കുന്നു. രാജ്യത്ത് രണ്ടായിരത്തിലധികം കിലോമീറ്റർ റെയിൽപാതകളിൽ തദ്ദേശീയമായി വികസിപ്പിച്ച സുരക്ഷാ സംവിധാനമായ കവച് സ്ഥാപിച്ചിട്ടുണ്ടെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു.

(വോയിസ്)

റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ബില്ലിന്മേൽ ലോക്സഭയിൽ ഇന്നും ചർച്ച തുടരും. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം- 2005 ന് പകരമായാണ് ബിൽ കൊണ്ടുവരുന്നത്.

*******************

## PRESIDENT – TN VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ചത്തെ കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനം പുരോഗമിക്കുന്നു. തമിഴ്നാട്ടിലെ വെല്ലൂർ ഇന്ന് സന്ദർശിക്കും. ഗവർണർ ആർ എൻ രവിയും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകനും രാഷ്ട്രപതിയെ സ്വാഗതം ചെയ്യും. തുടർന്ന് ശ്രീ പുരം സുവർണ്ണ ക്ഷേത്രത്തിൽ ദർശനം നടത്തുന്ന ശ്രീമതി മുർമു ക്ഷേത്ര സമുച്ചയത്തിലെ ധ്യാന പവലിയൻ ഉദ്ഘാടനം ചെയ്യും.

*******************

## PM ETHIOPIA (INTRO)

എല്ലാവരുടേയും ക്ഷേമം മാതൃരാജ്യത്തോടുള്ള ഇന്ത്യയുടേയും എത്യോപ്യയുടേയും വൈകാരിക കാഴ്ചപ്പാടുകളെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. എത്യോപ്യൻ പാർലമെൻറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ് - പി എം)

എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ദി ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

*******************

## PM OMAN

എത്യോപ്യൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒമാനിലെത്തും. ഇന്ത്യ-ഒമാൻ നയതന്ത്ര ബന്ധത്തിൻറെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

*******************

## MEITY- INDIAAI MISSION

നിർമിത ബുദ്ധി കാർഷിക മേഖലയിൽ ചെലുത്തുന്ന പ്രത്യക്ഷ സ്വാധീനത്തെക്കുറിച്ചുള്ള സംഗ്രഹം സമർപ്പിക്കുന്നതിന് ഇലക്ട്രോണിക്സ്- വിവര സാങ്കേതിക മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യാ എഐ മിഷൻ, ആഗോളതലത്തിൽ അപേക്ഷ ക്ഷണിച്ചു. മഹാരാഷ്ട്ര സർക്കാരിന്റെ എഐ - അഗ്രിടെക് ഇന്നൊവേഷൻ സെന്ററുമായി സഹകരിച്ച് ലോകബാങ്കിന്റെ പിന്തുണയോടെയാണ് മന്ത്രാലയം ഇത് നടപ്പിലാക്കുന്നത്.

*******************

## JAISHANKAR - BHUTAN

118-ാമത് ദേശീയ ദിനമായ ഗ്യാലിയോങ് ഡുച്ചെനിൽ ഭൂട്ടാൻ ജനതയ്ക്ക് ആശംസകൾ നേർന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. 1907 ഡിസംബർ 17നാണ് ഭൂട്ടാന്റെ ആദ്യ രാജാവ് ഉഗ്യെൻ വാങ്ചുക്കിന്റെ കിരീടധാരണച്ചടങ്ങ് നടന്നത്.

*******************

## DELHI POLLUTION RULES

വായുമലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ നിർമാണപ്രവർത്തനങ്ങൾ നിർത്തിവച്ചതിനെത്തുടർന്ന് ബുദ്ധിമുട്ട് നേരിട്ട തൊഴിലാളികൾക്ക് 10,000 രൂപ നഷ്ടപരിഹാരം നൽകുമെന്ന് ഡൽഹി സർക്കാർ. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണ തൊഴിലാളികൾക്കും ഇത് ലഭിക്കുമെന്ന് മന്ത്രി കപിൽ മിശ്ര അറിയിച്ചു. അതേസമയം, ഡൽഹിയിലെ വായു മലിനീകരണം പരിഹരിക്കുന്നതിന് ഡൽഹി സർക്കാർ കർശന നടപടികൾ സ്വീകരിക്കുകയാണ്.

കൃത്യമായ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത

വാഹനങ്ങൾക്ക് നാളെ മുതൽ പെട്രോൾ പമ്പുകളിൽ ഇന്ധനം നൽകില്ല.

*******************

## NCB-CONFERENCE

മയക്കുമരുന്നിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന മയക്കുമരുന്ന് വിരുദ്ധ ടാസ്ക് ഫോഴ്സുകളുടെയും മാധ്യമങ്ങളുടെയും സഹകരണം ശക്തമാക്കണമെന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഡയറക്ടർ ജനറൽ അനുരാഗ് ഗാർഗ്. മയക്കുമരുന്ന് ശൃംഖലകളെ ലക്ഷ്യമാക്കിയാണ് എൻസിബിയുടെ പ്രധാന പ്രവർത്തനങ്ങളെന്നും മൂന്നാം സോണൽ ഡയറക്ടർമാരുടെ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

*******************

## Thoothukudi - GI tag

തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിൽ നിന്നുള്ള മൂന്ന് പ്രധാന ഉൽപ്പന്നങ്ങളായ തൂത്തുക്കുടി ഉപ്പ്, ആത്തൂർ പൂവൻപഴം, വില്ലിശേരി നാരങ്ങ എന്നിവയ്ക്ക് ഭൗമസൂചിക പദവി അഥവാ GI Tag ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഔദ്യോഗികമായി സമർപ്പിച്ചു. നബാർഡിന്റെ സഹായത്തോടെയാണ് നടപടികൾ പൂർത്തിയാക്കിയത്. ഈ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ മൂല്യം ലഭിക്കുന്നതിനും പരമ്പരാഗതമായ കൃഷി-ഉൽപ്പാദന രീതികൾ സംരക്ഷിക്കുന്നതിനുമാണ് ജി.ഐ ടാഗിനായി അപേക്ഷ നൽകിയത്.

*******************

## VC-Kerala appointment

കേരളത്തിൽ വൈസ് ചാൻസലർ നിയമനത്തിൽ സംസ്ഥാന സർക്കാരും ഗവർണറും തമ്മിൽ സമവായത്തിലെത്തി. സാങ്കേതിക സർവകലാശാല വി സിയായി സിസ തോമസിൻറേയും ഡിജിറ്റൽ സർവകലാശാല വി സിയായി സജി ഗോപിനാഥിൻറേയും

നിയമനം ചാൻസലർ കൂടിയായ ഗവർണർ അംഗീകരിച്ചു. ഇത് സംബന്ധിച്ച് ലോക്ഭവൻ വിജ്ഞാപനം പുറത്തിറക്കി.

*******************

## SEC

കേരളത്തിൽ സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. തിരുവനന്തപുരം വിഴിഞ്ഞം വാർഡ്, മലപ്പുറം പായിമ്പാടം വാർഡ്, എറണാകുളം ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ്. തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടക്കും.

*******************

## DIGITIZED FORM - SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് വീടുകൾ തോറുമുള്ള വിവര ശേഖരണം നാളെ അവസാനിക്കും. എസ്.ഐ.ആറുമായി ബന്ധപ്പെട്ട് ഡിജിറ്റൈസ് ചെയ്ത ഫോമുകൾ 99.93 ശതമാനത്തിൽ എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

*******************

## IFFK

30 ആമത് കേരള രാജ്യാന്തര ചലച്ചിത്രമേള ആറാം ദിനത്തിലേക്ക് കടന്നു. 11 തീയേറ്ററുകളിലായി 72 ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്. ലോക സിനിമ വിഭാഗത്തിൽ 26 ചിത്രങ്ങളും, അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ-6 ഉം മലയാളം സിനിമ ടുഡേ വിഭാഗത്തിൽ 4 ഉം ചിത്രങ്ങൾ വീതം ഇന്ന് പ്രദർശിപ്പിക്കും.

*******************

## WHO Global Summit

ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് ആഗോള ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും.

മൂന്ന് ദിവസത്തെ ഉച്ചകോടി കേന്ദ്ര ആയുഷ് മന്ത്രാലയവുമായി സഹകരിച്ചാണ് സംഘടിപ്പിച്ചിരിക്കുന്നത്. നയം രൂപീകരിക്കുന്നവർ, ശാസ്ത്രജ്ഞർ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും. സമത്വം പുനഃസ്ഥാപിക്കൽ: ആരോഗ്യം, ക്ഷേമം തുടങ്ങിയവയുടെ ശാസ്ത്രവും പ്രായോഗികതയും എന്നതാണ് ഇത്തവണത്തെ പ്രമേയം. ഉച്ചകോടി മറ്റെന്നാൾ സമാപിക്കും.

*******************

## CRICKET- IND SA T20I

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 പരമ്പരയിലെ നാലാം മത്സരം ഇന്ന് ലഖ്നൗവിൽ നടക്കും . ഏകനാ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിക്ക് ആണ് മത്സരം. അഞ്ച് മത്സരങ്ങൾ ഉള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം മറ്റന്നാൾ അഹമ്മദാബാദിലാണ് നടക്കുന്നത്.

*******************

## Vijay's Erode event

തമിഴ്നാട് വെട്രി കഴകം നേതാവും നടനുമായ വിജയിയുടെ നാളത്തെ സന്ദർശനത്തിന് മുന്നോടിയായി ഈറോഡിൽ സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി പൊലീസ്. പോലീസ് നിർദേശങ്ങളെല്ലാം പൂർണ്ണമായും നടപ്പിലാക്കുന്നുണ്ടെന്ന് പാർട്ടി പ്രസ്താവനയിൽ അറിയിച്ചു. പരിപാടിയുടെ സുഗമമായ നടത്തിപ്പിനും ക്രമസമാധാനം നിലനിർത്തുന്നതിനുമായി വേദിയിലും പരിസരത്തും ഏകദേശം 1,500 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും.

*******************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 184 പോയിന്റ് ഇടിഞ്ഞ് 84,495 ലും,

നിഫ്റ്റി 54 പോയിന്റ് നഷ്ടത്തിൽ 25,808 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വിലയിൽ വർധന. പവന് 480 രൂപ വർധിച്ച് 98,640 രൂപയും ഗ്രാമിന് 12,330 രൂപയുമാണ് ഇന്നത്തെ വില .

*******************

## US TRAVEL BAN

അഞ്ച് രാജ്യങ്ങൾക്ക് കൂടി യാത്രാ വിലക്ക് ഏർപ്പെടുത്തി അമേരിക്ക. ബുർക്കിന ഫാസോ, മാലി, നൈജർ, ദക്ഷിണ സുഡാൻ, സിറിയ എന്നി രാജ്യങ്ങൾക്കാണ് വിലക്ക്. അതേസമയം നേരത്തെ പട്ടികയിലുള്ള രാജ്യങ്ങൾക്ക് പുതിയ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. പലസ്തീനിൽ നിന്നുള്ള യാത്രാ രേഖകളുള്ള വ്യക്തികൾളുടെ പ്രവേശനവും പൂർണമായി നിയന്ത്രിച്ചിട്ടുണ്ട്.

*******************

## IMD-WEATHER

കർണാടക, തെലങ്കാന, പടിഞ്ഞാറൻ മധ്യപ്രദേശ് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് ശൈത്യതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പടിഞ്ഞാറൻ രാജസ്ഥാൻ, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ്, അസം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറം, ത്രിപുര, ഒഡീഷ എന്നിവിടങ്ങളിൽ മൂടൽമഞ്ഞിന് സാധ്യതയുണ്ട്. അതേസമയം, ഡൽഹിയിൽ വായുവിന്റെ ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്. തലസ്ഥാനത്തെ ശരാശരി വായു ഗുണനിലവാര സൂചിക ഇന്ന് 329 രേഖപ്പെടുത്തി.

*******************

***********

****